**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **16-09-2025 - ൽ മറുപടിയ്ക്ക്**

**ലോക്കപ്പ് മർദ്ദനത്തിൽ കുറ്റക്കാരായ പൊലീസുകാരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുന്ദംകുളം പോലീസ്സ്റ്റേഷനിൽ പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ യുവജന നേതാവിനെ പോലീസ് മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എരുമപ്പെട്ടി, കുന്നംകുളം പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത 11 കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിരുന്നതുമായ സുജിത് എന്നയാൾ കുന്നംകുളം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ തന്നെ മർദ്ദിച്ചുവെന്നാരോപിച്ച് 12.04.2023 ന് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.<br><br>പരാതിയിൽ അടിയന്തര അന്വേഷണം നടത്തി 22.04.2023 ലെ ഉത്തരവ് പ്രകാരം സബ് ഇൻസ്പെക്ടർക്ക് പുറമെ നാല് സിവിൽ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി.<br><br>തുടർന്ന് വകുപ്പുതല അന്വേഷണം പൂർത്തിയാക്കി പോലീസ് സബ് ഇൻസ്പെക്ടറടക്കം മൂന്ന് പേരുടെ വാർഷികവേതന വർദ്ധനവ് 2 വർഷത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>സുജിത്ത് ഫയൽ ചെയ്ത സ്വകാര്യ അന്യായം ബഹു.കോടതി ഫയലിൽ സ്വീകരിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതേത്തുടർന്ന് ഉത്തരമേഖല IG യുടെ 06.09.2025 ലെ ഉത്തരവ് പ്രകാരം ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. ഒപ്പം വകുപ്പുതല അച്ചടക്ക നടപടിയുടെ പുനഃപരിശോധനാ നടപടികൾ നടന്നുവരുന്നു. |
| (ബി) | ലോക്കപ്പ് മർദ്ദനം മനുഷ്യാവകാശ ലംഘനമാണെന്ന് ബഹു. സുപ്രീംകോടതി വിധിച്ചിട്ടും സംസ്ഥാനത്ത് ലോക്കപ്പ് മർദ്ദനം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം, ലോക്കപ്പ് മർദ്ദനം തടയുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ജില്ല സ്പെഷ്യൽ ബ്രാഞ്ച് മുഖേന ജില്ല പോലീസ് മേധാവിമാർ നിരീക്ഷണം നടത്തിവരുന്നതുമാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി കുറ്റക്കാരായ പൊലീസുകാരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതടക്കമുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി കുറ്റാരോപിതർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റം തെളിയുന്ന മുറയ്ക്ക് ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ